സൂറഃ-9

# അത്തൗബ

**25.** നേരത്തെ പല ഘട്ടങ്ങളിലും അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുള്ളത് ഓർക്കുക. വിശേഷിച്ചും ഹുനൈൻ നാൾ. അന്ന് സ്വന്തം പെരുപ്പം നിങ്ങളെ പുളകം കൊള്ളിച്ചതായിരുന്നുവല്ലോ. ആ പെരുപ്പം പക്ഷേ നിങ്ങൾക്ക് ഒരു ഗുണവും ചെയ്തില്ല. ഭൂമി വിസ്താരത്തോടെയിരിക്കെത്തന്നെ നിങ്ങൾക്കത് കുടുസ്സായി ഭവിച്ചു. നിങ്ങൾ പിന്തിരിഞ്ഞോടേണ്ടതായും വന്നു.
**26.** പിന്നീട് അല്ലാഹു അവന്റെ ദൂതനിലും സത്യവിശ്വാസികളിലും ശാന്തി പെയ്തു. നിങ്ങൾക്ക് കാണാനാവാത്ത സൈന്യത്തെ ഇറക്കി സത്യനിഷേധികളെ ശിക്ഷിക്കുകയും ചെയ്തു. അതുതന്നെയാണ് സത്യധർമങ്ങളെ നിഷേധിക്കുന്നവർക്കുള്ള സമ്മാനം.

لَقَدْ نَصَرَكُمُ ٱللَّهُ فِى مَوَاطِنَ كَثِيرَةٍ ۙ وَيَوْمَ حُنَيْنٍ ۙ إِذْ أَعْجَبَتْكُمْ كَثْرَتُكُمْ
فَلَمْ تُغْنِ عَنكُمْ شَيْـًٔا وَضَاقَتْ عَلَيْكُمُ ٱلْأَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُم
مُّدْبِرِينَ ﴿٢٥﴾
ثُمَّ أَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ
وَأَنزَلَ جُنُودًا لَّمْ تَرَوْهَا وَعَذَّبَ ٱلَّذِينَ كَفَرُوا۟ ۚ وَذَٰلِكَ جَزَآءُ
ٱلْكَٰفِرِينَ ﴿٢٦﴾

തീർച്ചയായും നേരത്തെ അല്ലാഹു നിങ്ങളെ സഹായിച്ചു(ച്ചിട്ടുള്ളത് ഓർക്കുക) = لَقَدْ نَصَرَكُمُ ٱللَّهُ

(വിശേഷിച്ചും) ഹുനൈൻ നാ(ൾ)ളിലും = وَيَوْمَ حُنَيْنٍ  പല സ്ഥലങ്ങളിൽ, ഘട്ടങ്ങളിൽ, സന്ദർഭങ്ങളിൽ = فِى مَوَاطِنَ كَثِيرَةٍ ۙ

നിങ്ങളെ കൗതുകപ്പെടുത്തിയപ്പോൾ(പുളകം കൊള്ളിച്ചതായിരുന്നുവല്ലോ) = إِذْ أَعْجَبَتْكُمْ

നിങ്ങളുടെ പെരുപ്പം = كَثْرَتُكُمْ

അതു നിങ്ങളെ പര്യാപ്തമാക്കിയില്ല(ആ പെരുപ്പം പക്ഷെ നിങ്ങൾക്ക് ഗുണം ചെയ്തില്ല) = فَلَمْ تُغْنِ عَنكُمْ

ഭൂമി = ٱلْأَرْضُ  നിങ്ങൾക്ക് കുടുസ്സായി ഭവിച്ചു = وَضَاقَتْ عَلَيْكُمُ  ഒരു, ഒന്നും = شَيْـًٔا

പിന്നെ = ثُمَّ  അതു വിസ്തൃതമായിരിക്കുന്നതുകൊണ്ട് (വിസ്താരത്തോടെയിരിക്കെത്തന്നെ) = بِمَا رَحُبَتْ

وَلَّيْتُم = നിങ്ങൾ തിരിഞ്ഞു  مُّدْبِرِينَ = പിന്നോട്ടടിച്ചവരായി (പിന്തിരിഞ്ഞോടേണ്ടതായി വന്നു)

ثُمَّ أَنزَلَ ٱللَّهُ = പിന്നീട് അല്ലാഹു പെയ്തു  سَكِينَتَهُۥ = അവങ്കൽനിന്നുള്ള ശാന്തി  عَلَىٰ رَسُولِهِۦ = അവന്റെ ദൂതനിൽ

وَعَلَى ٱلْمُؤْمِنِينَ = സത്യവിശ്വാസികളിലും  وَأَنزَلَ = അവൻ ഇറക്കി(ക്കുകയും ചെയ്തു)  جُنُودًا = സൈന്യത്തെ

لَّمْ تَرَوْهَا = നിങ്ങൾ അതിനെ കണ്ടിട്ടില്ല (നിങ്ങൾക്ക് കാണാനാവാത്ത)  وَعَذَّبَ = അവൻ ശിക്ഷിക്കുകയും ചെയ്തു

ٱلَّذِينَ كَفَرُوا۟ = സത്യം നിഷേധിക്കുന്നവരെ  وَذَٰلِكَ = അത്(തന്നെ)ആണ്

جَزَآءُ ٱلْكَٰفِرِينَ = സത്യധർമങ്ങളെ നിഷേധിക്കുന്നവർക്കുള്ള പ്രതിഫലം, സമ്മാനം

**25:** മുസ്‌ലിംകളുമായി ഉണ്ടാക്കിയ സമാധാനക്കരാറുകൾ ലംഘിച്ച് തക്കംകിട്ടുമ്പോഴൊക്കെ ഇസ്‌ലാമിനെതിരിൽ പ്രവർത്തിക്കുകയും ഇസ്‌ലാമിന്റെ ശത്രുക്കളെ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്ന അറേബ്യൻ ഗോത്രങ്ങളുമായുള്ള എല്ലാ കരാറുകളും ദുർബലപ്പെടുത്തുകയും അവരോട് പൊതുവായുള്ള യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്തത് മുസ്‌ലിംകളിൽ ചില വിഭാഗങ്ങളെ രണ്ടു കാരണത്താൽ ആശങ്കാകുലരാക്കിയിരുന്നു. യുദ്ധം ചെയ്യേണ്ട പല ഗോത്രങ്ങളിലും തങ്ങൾക്ക് സ്വത്തുക്കളുണ്ട്, ഉറ്റവരും ഉടയവരുമുണ്ട്, അവരുമായി ഇടപാടുകളുമുണ്ട്. യുദ്ധം ഈ താൽപര്യങ്ങളെയെല്ലാം ഹനിക്കും. ഇതാണ് ഒരു കാരണം. തൊട്ടു മുമ്പുള്ള സൂക്തങ്ങൾ ഈ കാരണത്തെ ഖണ്ഡിക്കുകയായിരുന്നു. പൊതുവായ യുദ്ധപ്രഖ്യാപനം ശത്രു ഗോത്രങ്ങളെല്ലാം ഒന്നിക്കാൻ ഇടയാക്കിയേക്കും. അങ്ങനെ വന്നാൽ ആ മഹാ സഖ്യത്തോട് ഏറ്റുമുട്ടി ജയിക്കാൻ തങ്ങൾക്ക് കഴിയുമോ എന്നായിരുന്നു രണ്ടാമത്തെ ആശങ്ക. അതിനുള്ള മറുപടിയാണ് ഈ സൂക്തവും തുടർന്നുള്ള സൂക്തങ്ങളും നൽകുന്നത്.

ശത്രുക്കളെല്ലാം ഒറ്റക്കെട്ടായാൽ തോറ്റു പോകുമെന്ന നിങ്ങളുടെ ആശങ്കക്കടിസ്ഥാനം, ഈ പ്രസ്ഥാനം നിലനിൽക്കുന്നത് നിങ്ങളുടെ ഭൗതികശക്തിയെ മാത്രം ആശ്രയിച്ചാണ് എന്ന ധാരണയാണ്. ഈ ധാരണ അസ്ഥാനത്താകുന്നു. ഇത് അല്ലാഹുവിന്റെ ദീനാണ്. അതിനെ നിലനിർത്തുന്നത് അല്ലാഹുവാണ്. അല്ലാഹു നിലനിർത്താൻ തീരുമാനിച്ചാൽ ആരൊക്കെ എതിർത്താലും അത് നിലനിൽക്കുകതന്നെ ചെയ്യും. നിങ്ങൾ അതിനൊരു നിമിത്തം മാത്രമാകുന്നു. സ്വന്തം ചരിത്രത്തിലേക്കൊന്ന് തിരിഞ്ഞുനോക്കിയാൽ തന്നെ അക്കാര്യം ബോധ്യമാകും. നിങ്ങളുടെ ഭൗതികശക്തിയെ മാത്രം ആശ്രയിച്ചായിരുന്നു കാര്യങ്ങളെങ്കിൽ ഇതിനു മുമ്പ് എത്രയോ സന്ദർഭങ്ങളിൽ നിങ്ങൾ തുടച്ചുനീക്കപ്പെടേണ്ടതായിരുന്നു. ബദ്ർ, ഉഹുദ്, ഖന്ദഖ് അങ്ങനെ എത്രയെത്ര ഘട്ടങ്ങൾ. അപ്പോഴൊക്കെ നിങ്ങളുടെ ശക്തിക്കപ്പുറം അല്ലാഹുവിങ്കൽനിന്ന് ലഭിച്ച സവിശേഷ സഹായമാണല്ലോ നിങ്ങൾക്ക് വിജയമരുളിയത്. പത്തു പതിമൂന്നു മാസം മുമ്പ് മാത്രം നടന്ന ഹുനൈൻ യുദ്ധം നിങ്ങൾ മറക്കാറായിട്ടില്ലല്ലോ. എന്താണ് അന്ന് സംഭവിച്ചത്. പടയാളികളുടെ എണ്ണം കൊണ്ട് നോക്കിയാൽ നിങ്ങളൊരു വൻപട തന്നെയായിരുന്നു. നിങ്ങളുടെ മൂന്നിലൊന്നേ ശത്രുക്കളുണ്ടായിരുന്നുള്ളൂ. സൈനികബലം കൊണ്ട് ശത്രുക്കളെ നിഷ്പ്രയാസം ജയിക്കാമെന്ന് നിങ്ങൾ നിഗളിച്ചു. എന്നിട്ടോ, ശത്രുക്കളോടേറ്റുമുട്ടിയപ്പോൾ പടയുടെ പെരുപ്പം നിങ്ങൾക്ക് ഒരു ഗുണവും ചെയ്തില്ല. ശത്രുക്കളുടെ ശൗര്യത്തിനും ശക്തിക്കും മുന്നിൽ നിങ്ങൾക്ക് നിൽക്കക്കള്ളിയില്ലാതായി. وَضَاقَتْ عَلَيْكُمُ ٱلْأَرْضُ بِمَا رَحُبَتْ (ഭൂമി വിസ്താരത്തോടെയിരിക്കെത്തന്നെ നിങ്ങൾക്ക് കുടുസ്സായി ഭവിച്ചു) എന്നാണ് മൂലവാക്യം. ഭയവിഭ്രാന്തിയാൽ വിചാരശേഷി നശിച്ച് ഇതികർത്തവ്യതാ മൂഢമാകുന്ന അവസ്ഥയെ, പുറത്തുകടക്കാനോ അനങ്ങാനോ ആവാത്ത ഇടുങ്ങിയ ഒരിടത്ത് കുടുങ്ങിപ്പോയവന്റെ അവസ്ഥയോട് ഉപമിച്ചുകൊണ്ടുള്ള ഒരു രൂപമാണിത്. പിന്നെ തിരിഞ്ഞുനോക്കാതെ പിന്തിരിഞ്ഞോടുകയായിരുന്നു. അതിനിടയിൽ കൈയിൽ കിട്ടിയവരെയെല്ലാം ശത്രുക്കൾ കൊന്നൊടുക്കി. ഇതാണ് നിങ്ങളുടെ ഭൗതികശക്തിയുടെയും പെരുപ്പത്തിന്റെയും കഥ.

ഏറ്റുമുട്ടുകയോ ചോര ചിന്തുകയോ ചെയ്യാതെ തന്നെ മക്കയെ വിമോചിപ്പിക്കാൻ കഴിഞ്ഞതിൽ ആഹ്ലാദചിത്തരായിരുന്നു മുസ്‌ലിംകൾ പൊതുവിൽ. ഖുറൈശികൾ ചെറുത്തുനിൽപിനു ധൈര്യപ്പെടാതെ അടിയറവ് പറഞ്ഞെങ്കിൽ ഇനി ആരാണ് തങ്ങളോട് ഏറ്റുമുട്ടാൻ ധൈര്യപ്പെടുക! അതിനാൽ ഇസ്‌ലാമിന്റെ വിജയം അറേബ്യയിൽ ഏതാണ്ട് സമ്പൂർണമായിരിക്കുന്നു. തങ്ങളോടേറ്റുമുട്ടിയാൽ ഒരിക്കലും വിജയിക്കില്ല എന്നുറപ്പായതുകൊണ്ടാണ് ഖുറൈശികൾ വാളെടുക്കാതിരുന്നത് എന്നവർ കരുതി. അതിൽ അല്ലാഹുവിന്റെ സഹായത്തെ അവരോർത്തില്ല. അതുകൊണ്ട് ഈ വിജയാഹ്ലാദത്തിൽ കുറച്ചു ഗർവ് കലർന്നിരുന്നു. മക്കാ വിമോചനശേഷം രണ്ടാഴ്ചക്കാലത്തോളം പ്രവാചകൻ മക്കയിൽ തന്നെ തങ്ങി. അതിനിടയിൽ ഖുറൈശികളെല്ലാം ഇസ്‌ലാം അംഗീകരിച്ചു. അവരിൽ പലരും കപട നാട്യക്കാരായിരുന്നു. മുഹമ്മദിനെയും കൂട്ടരെയും തോൽപിക്കാനാവില്ലെന്നും ഇനി തങ്ങൾക്ക് നേട്ടങ്ങളുണ്ടാക്കാൻ നല്ലത് അവരുടെ കൂട്ടത്തിൽ ചേരുകയാണെന്നും കരുതി ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു അവർ. ഇതിനിടയിലാണ് ത്വാഇഫ് പ്രദേശത്ത് വസിക്കുന്ന ഹവാസിൻ ഗോത്രത്തിന്റെ നേതൃത്വത്തിൽ സഖീഫ്, നള്ർ, ജുശം ഗോത്രങ്ങൾ സംഘടിച്ച് വലിയൊരു സൈന്യമായി മുസ്‌ലിംകൾക്കെതിരെ പുറപ്പെട്ട വാർത്ത നബി(സ)യുടെ ചെവിയിലെത്തുന്നത്.

മക്ക-യസ്‌രിബ് (മദീന) പട്ടണങ്ങളെപ്പോലെ തന്നെ ഹിജാസിലെ വലിയൊരു പട്ടണമായിരുന്നു ത്വാഇഫ്. മുസ്‌ലിംകൾ മക്ക വിമോചിപ്പിക്കുകയും കഅ്ബയുടെ നിയന്ത്രണം ഏറ്റെടുക്കുകയും അവിടെ നിന്ന് വിഗ്രഹങ്ങൾ മാറ്റുകയും ചെയ്തത് ത്വാഇഫുകാരെ ക്ഷുഭിതരും ഉത്കണ്ഠാകുലരുമാക്കി. ഖുറൈശികളെപ്പോലെ തന്നെ ഇസ്‌ലാമിന്റെ കഠിന വിരോധികളായിരുന്നു ത്വാഇഫുകാരും. പ്രവാചകൻ മദീനയിലേക്ക് പോകുന്നതിന് മുമ്പ് ഇസ്‌ലാമിക സന്ദേശവുമായി ത്വാഇഫ് സന്ദർശിച്ചിരുന്നു. അവരദ്ദേഹത്തെ ചെവികൊണ്ടില്ലെന്നു മാത്രമല്ല കഠിനമായി ദ്രോഹിക്കുകയും ചെയ്തു. തെരുവുപിള്ളേരെക്കൊണ്ട് നബിയെയും അബൂബക്കറിനെയും കല്ലെറിഞ്ഞോടിച്ചു. പ്രവാചകന്റെ കാലുകൾ കല്ലു കൊണ്ട് പൊട്ടി രക്തമൊഴുകി. ഈ ചോരയുടെ ചരിത്രമുള്ള ത്വാഇഫുകാർ അവരുടെ തീർഥാടന കേന്ദ്രമായ മക്ക ഇസ്‌ലാമിന് കീഴടങ്ങിയതറിഞ്ഞ് രോഷാകുലരാവുക സ്വാഭാവികമാണല്ലോ. മക്കയിലും മദീനയിലും സ്വാധീനമുറപ്പിച്ച ഇസ്‌ലാം അടുത്തുതന്നെ ത്വാഇഫിലേക്കും വ്യാപിക്കുമെന്ന് അവരാശങ്കിക്കുന്നതും അസ്ഥാനത്തല്ല. അതുകൊണ്ട്, ഇസ്‌ലാ

മിനെ നശിപ്പിക്കാൻ തങ്ങളുടെ സർവശക്തിയുമുപയോഗിച്ച് ഒരവസാന ശ്രമം നടത്താൻതന്നെ അവർ തീരുമാനിച്ചു. പ്രവാചകനും കൂട്ടരും മദീനയിലേക്ക് തിരിച്ചുപോകുന്നതിനു മുമ്പ് ആക്രമണം നടത്തുന്നതാണ് അവരെ തോൽപിക്കാൻ ഏറ്റവും പറ്റിയ അവസരമെന്നും അവർ കണ്ടു.

ഈ സഖ്യഗോത്രങ്ങൾ നാലായിരം ഭടന്മാരെ സംഘടിപ്പിച്ചു. ജംഗമസ്വത്തുക്കൾ, സ്ത്രീകൾ, കുട്ടികൾ ഇവരെയെല്ലാം കൂടെ കൂട്ടിയായിരുന്നു പടയുടെ പുറപ്പാട്. നള്ർ ഗോത്രജനായ മാലിക് ബിൻ ഔഫായിരുന്നു പടത്തലവൻ. മുസ്‌ലിംകളോടേറ്റുമുട്ടുമ്പോൾ ഒരു ഭടനും പിന്തിരിഞ്ഞോടാതിരിക്കാനാണ് സ്ത്രീകളെയും കുട്ടികളെയും സ്വത്തുക്കളെയും കൂട്ടിയത്. ഓടിയാൽ സ്വന്തം ഭാര്യയും മക്കളും അടിമകളായി പിടിക്കപ്പെടുകയും മുതലുകളൊക്കെ നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് ഓരോ ഭടനും മരണം വരെ ഉറച്ചുനിന്ന് പൊരുതിക്കൊള്ളുമെന്ന് അയാൾ കരുതി. മാലിക്ബിൻ ഔഫിനേക്കാൾ യുദ്ധപാടവവും തന്ത്രജ്ഞതയുമുള്ള ചിലർ ഈ നീക്കം അപകടകരമാണെന്ന് ചൂണ്ടിക്കാണിച്ചു. ജുശം ഗോത്രജനായ ദുറൈദ്ബിൻസ്വിമ്മ അക്കൂട്ടത്തിലൊരാളായിരുന്നു. മാലിക് പക്ഷേ അതൊന്നും ചെവിക്കൊണ്ടില്ല. അയാൾ സ്വന്തം തീരുമാനപ്രകാരം തന്നെ പടനയിച്ചു. മാലികിന്റെ ഈ അവിവേകമാണ് ഹുനൈൻ യുദ്ധത്തിൽ മറ്റെല്ലാ യുദ്ധത്തെക്കാളുമേറെ തടവുകാരും സമ്പത്തും മുസ്‌ലിംകൾക്ക് കൈവരാൻ കാരണമായത്.

മക്കക്കും ത്വാഇഫിനുമിടയിൽ ദുൽമജാസ് എന്ന സ്ഥലത്തിനടുത്തു കിടക്കുന്ന ഒരു താഴ്‌വരയാണ് ഹുനൈൻ. മക്കയിൽനിന്ന് ഏതാനും കിലോമീറ്ററുകൾ മാത്രമേ ഹുനൈനിലേക്ക് ദൂരമുള്ളൂ. മാലിക്കും സൈന്യവും ഹുനൈനിലെത്തി അവിടെ തമ്പടിച്ചു. അപ്പോഴേക്കും പ്രവാചകനും യുദ്ധസജ്ജനായി പുറപ്പെട്ടു. മക്കയെ വിമോചിപ്പിക്കാൻ മദീനയിൽനിന്നെത്തിയ പതിനായിരം പേരും മക്കയിൽ പുതുതായി ഇസ്‌ലാമിൽ ചേർന്ന രണ്ടായിരം പേരുമുൾപ്പെടെ അവർ പന്തീരായിരം പേരുണ്ടായിരുന്നു. സ്വന്തം സംഖ്യാബലം കണ്ട് ത്വാഇഫ് പടക്ക് ഒരു നിലക്കും തങ്ങളെ തോൽപിക്കാനാവില്ലെന്ന് അവർ ഉറച്ചുവിശ്വസിച്ചു. ചിലർ അത് ഉറക്കെ വിളിച്ചുപറയുകയും ചെയ്തിരുന്നു. വിശ്വാസികളുടെ അച്ചടക്കത്തിനും വിവേകത്തിനും ചേർന്നതായിരുന്നില്ല ഈ നടപടി. നബി(സ) അത്തരക്കാരുടെ നേരെ അതൃപ്തി പ്രകടിപ്പിച്ചതായി നിവേദനമുണ്ട്.

വിജയഘോഷം മുഴക്കിക്കൊണ്ടാണ് പുറപ്പെട്ടതെങ്കിലും അക്കൂട്ടത്തിലുണ്ടായിരുന്ന നവ മുസ്‌ലിംകൾ ഇസ്‌ലാം ആവശ്യപ്പെടുന്ന സ്ഥൈര്യമോ സഹനമോ ഒന്നും ശീലിച്ചിട്ടില്ലായിരുന്നു. അവരിൽ ചിലരാകട്ടെ നേരത്തെ സൂചിപ്പിച്ചതുപോലെ കപടന്മാരുമായിരുന്നു. ഈമാനും തഖ്‌വയുമായിരുന്നില്ല അവരെ പ്രവാചകനോടൊപ്പം പുറപ്പെടാൻ പ്രേരിപ്പിച്ചത്. ചിലർക്ക് യുദ്ധമുതലിലുള്ള കൊതി, ചിലർക്ക് ഇസ്‌ലാമിന്റെ വിജയത്തിൽ തങ്ങളും ഭാഗഭാക്കാണെന്ന ലോകബോധ്യം നേടൽ, ചിലർക്ക് ഹവാസിൻ-സഖീഫ് ഗോത്രങ്ങൾ ഖുറൈശികളെ തോൽപിക്കുന്നത് അപമാനകരമാണെന്ന ഗോത്രാഭിമാന ചിന്ത ഇതൊക്കെയായിരുന്നു പ്രേരകങ്ങൾ. മുസ്‌ലിംകളുടെ ജയത്തിലേറെ തോൽവി ഇഷ്ടപ്പെട്ടവരുമുണ്ടായിരുന്നു. ആദ്യ ഘട്ടത്തിൽ മുസ്‌ലിംകൾ പിന്തിരിഞ്ഞോടിയപ്പോൾ അവരുടെ സന്തോഷം പുറത്തുവരികയും ചെയ്തു. മുസ്‌ലിംകൾ ഓടിപ്പോകുന്നതു കണ്ട് അബൂസുഫ്‌യാൻ ബിൻഹർബ് പറഞ്ഞു: "ഇവരുടെ തോറ്റോട്ടം ഇനി കടലിൽ ചെന്നേ നിൽക്കൂ. അമ്പുകൾ ഇവരുടെ ആവനാഴികളിൽ കിടന്നു തിളങ്ങും." ജലബത്ബിൻ ജുനൈദ് പറഞ്ഞു: "ആഹാ... ആഭിചാരം ഇതാ പൊളിഞ്ഞു പോയിരിക്കുന്നു." അയാളുടെ സഹോദരൻ സ്വഫ്‌വാൻ യുദ്ധത്തിൽ പങ്കെടുത്തത് വിശ്വാസിയായിട്ടല്ലെന്നും, ഹവാസിൻ ഗോത്രം ഖുറൈശികളെ തോൽപിക്കുന്നതൊഴിവാക്കണമെന്ന് കരുതിയാണെന്നും അദ്ദേഹം തന്നെ പറയുകയുണ്ടായി. ഖുറൈശികളിൽ പലരുടെയും ഉറ്റവർ ബദ്റിലും ഉഹുദിലും കൊല്ലപ്പെട്ടിരുന്നു. അവർക്ക് വേണ്ടി പ്രതികാരം ചെയ്യുകയായിരുന്നു ചിലരുടെ ലക്ഷ്യം. അവരിൽ ചിലർ പിന്നീട് പശ്ചാത്തപിക്കുകയും തങ്ങളുടെ രഹസ്യം വെളിപ്പെടുത്തുകയുമുണ്ടായി. ശൈബ ബിൻ ഉസ്മാനുൽ ഹദബി പ്രസ്താവിച്ചതായി ഇബ്നു സഅദ് ഉദ്ധരിക്കുന്നു: "ഹവാസിനുകളുടെ പാളയത്തിലേക്ക് ഖുറൈശികളോടൊപ്പം ഞാനും പോയി. തിരക്കിനിടയിൽ മുഹമ്മദിനെ വകവരുത്താൻ തരപ്പെട്ടാലോ എന്നായിരുന്നു എന്റെ വിചാരം. എങ്കിൽ ഞാനയാളോട് പക തീർക്കും. അങ്ങനെ എല്ലാ ഖുറൈശികൾക്കും വേണ്ടി പ്രതികാരം ചെയ്തവനായിത്തീരും ഞാൻ. ഞാൻ ആത്മഗതം ചെയ്തു. അറബികളും അനറബികളും ഒന്നൊഴിയാതെ എല്ലാവരും മുഹമ്മദിനെ പിന്തുടർന്നാലും ഞാനൊരിക്കലും അയാളെ പിന്തുടരില്ല. ലക്ഷ്യം സാധിക്കാൻ തക്കംപാർത്ത് നടക്കുമ്പോൾ എന്റെ മനസ്സ് അക്കാര്യത്തിൽ കൂടുതൽ ദൃഢമായിക്കൊണ്ടിരിക്കുകയായിരുന്നു. ആളുകൾ കൂടിക്കലർന്നപ്പോൾ റസൂൽ തന്റെ കോവർ കഴുതയുടെ പുറത്ത് കടന്നുവന്നു. ഞാൻ വാളൂരി അദ്ദേഹത്തോടടുത്തു. വാളുയർത്തി വെട്ടാനോങ്ങിയപ്പോഴേക്കും മിന്നൽപിണർ പോലെ ഒരു തീജ്വാല വന്ന് എന്നെ ഗ്രസിച്ചു. ഞാൻ പേടിച്ച് കണ്ണുപൊത്തി. അപ്പോൾ റസൂൽ എന്നെ തിരിഞ്ഞുനോക്കി. 'ശൈബ ഇങ്ങടുത്തുവരൂ' അദ്ദേഹം വിളിച്ചു. ഞാൻ അടുത്തു ചെന്നു. നബി എന്റെ മാറിടം തടവിക്കൊണ്ട് പ്രാർഥിച്ചു: 'അല്ലാഹുവേ ഇദ്ദേഹത്തെ ചെകുത്താനിൽനിന്നും കാക്കേണമേ'. അല്ലാഹുവാണ, ആ നിമിഷം മുതൽ എനിക്ക് എന്റെ കണ്ണിനെയും കാതിനെയും ജീവനെയുംകാൾ പ്രിയപ്പെട്ടവൻ അദ്ദേഹമായിത്തീർന്നു. എന്റെ മനസ്സിലുണ്ടായിരുന്നതെല്ലാം അല്ലാഹു തൂത്തുകളഞ്ഞു." ഇത്തരം ആളുകൾ ചേർന്ന ഒരു സൈന്യത്തിന്റെ കെട്ടുറപ്പ് ഊഹിക്കാവുന്നതാണല്ലോ.

പ്രവാചകന്റെ ആഗമന വിവരമറിഞ്ഞ ത്വാഇഫ് സൈന്യം ഹുനൈനിലെ കുന്നുകളിൽ അവരെക്കാത്ത് പതിയിരുന്നു. ഹവാസിൻ ഗോത്രം അസ്ത്രവിദ്യയിൽ വിദഗ്ധന്മാരായിരുന്നു. മുസ്‌ലിംകൾ ഹുനൈനിലെത്തിയാൽ പെട്ടെന്ന് നാനാ ഭാഗത്തുനിന്നും ആക്രമിക്കുകയായിരുന്നു അവരുടെ തന്ത്രം. എല്ലാ വശത്തുനിന്നുമായി പെട്ടെന്ന് ആക്രമണമുണ്ടായപ്പോൾ മുസ്‌ലിംകൾ പതറി. ആ പതർച്ച ശത്രുക്കൾ നന്നായി മുതലെടുക്കുകയും ചെയ്തു. അവർ തലങ്ങും വിലങ്ങും മുസ്‌ലിംകളെ വെട്ടിവീഴ്ത്തിക്കൊണ്ടിരുന്നു. തന്ത്രങ്ങളാവിഷ്കരിക്കാനോ സൈന്യത്തെ അണിനിരത്താനു പോലുമോ അവർക്കായില്ല. പ്രാണൻ കിട്ടിയവർ അതും കൊണ്ട് കുതിച്ചോടിത്തുടങ്ങി. ഒടുവിൽ പടക്കളത്തിൽ എൺപതോളം പേർ മാത്രം അവശേഷിച്ചു. അവശേഷിച്ചവരുടെ എണ്ണം ഒമ്പതാണെന്നും നാലാണെന്നുമൊക്കെ നിവേദനങ്ങളുണ്ട്. അവർ പ്രവാചകനെ വളഞ്ഞുനിന്നുകൊണ്ട് ഓടിപ്പോയവരെ തിരിച്ചുവിളിച്ചു. കൂട്ടത്തിൽ ഉണ്ടായിരുന്ന അബ്ബാസ്(റ) വളരെ ഉയർന്ന ശബ്ദത്തിനുടമയായിരുന്നു. പ്രവാചകന്റെ നിർദേശ പ്രകാരം അദ്ദേഹം വിളിച്ചു: "അല്ലയോ സമുറക്കാരേ! (ഹുദൈബിയാ സന്ധിവേളയിൽ സ്വഹാബികൾ പ്രവാചകന് ആത്മാർപ്പണ പ്രതിജ്ഞ-ബൈഅത്തുർറിദ്‌വാൻ- ചെയ്തത് സമുറ എന്നു പേരുള്ള വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ചായിരുന്നു), ഓ അൻസ്വാരികളേ, മുഹാജിറുകളേ, ഖസ്റജുകാരേ....." പടക്കളത്തിൽനിന്ന് വിരണ്ടോടിയവർ ഈ വിളികേട്ട് അതേ വേഗ

ത്തിൽ തിരിച്ചുവന്നു. യുദ്ധം കൊടുമ്പിരിക്കൊണ്ടു. ഒടുവിൽ ത്വാഇഫ് സൈന്യം പിന്തിരിഞ്ഞോടി. മുസ്‌ലിംകൾ അവരെ വളരെ ദൂരം പിന്തുടർന്നു. തങ്ങളുടെ മുതലുകൾ മാത്രമല്ല, കൂടെ കൊണ്ടുവന്ന സ്ത്രീകളെയും കുട്ടികളെയുമെല്ലാം ഉപേക്ഷിച്ച് അവരോടിമറഞ്ഞു.

**26:** ആദ്യത്തെ സംഭ്രമത്തിനും പിന്തിരിഞ്ഞോട്ടത്തിനും ശേഷം അല്ലാഹു നൽകിയ സഹായം ചൂണ്ടിക്കാണിക്കുകയാണ്. പടക്കളത്തിൽ പ്രവാചകനും ഏതാനും സഖാക്കളും മാത്രം അവശേഷിച്ചു. അവർക്കുമുമ്പിൽ സ്വന്തം സൈനികരുടെ കബന്ധങ്ങൾ ചിതറിക്കിടക്കുന്നു. ജീവൻ അവശേഷിച്ചവർ അതുംകൊണ്ട് കുതിച്ചു പായുന്നു. അബൂസുഫ്‌യാന്റെ ഭാഷയിൽ, അലകടലിലെത്തുന്നതുവരെ, അതായത് ഓടാൻ ഇടമില്ലാതാകുന്നതുവരെ തിരിഞ്ഞുനോക്കില്ല എന്ന മട്ടിലായിരുന്നു ആ ഓട്ടം. ആ അവസ്ഥയിൽ ഒരു തിരിച്ചുവരവിനെക്കുറിച്ചോ തിരിച്ചടിയെക്കുറിച്ചോ ചിന്തിക്കാനേ കഴിയുമായിരുന്നില്ല. ഇതൊന്നും പക്ഷേ, പ്രവാചകനെ സംഭ്രമചിത്തനാക്കിയില്ല. സ്വന്തം സൈനികരിലൊരാൾ തന്റെ നേരെത്തന്നെ വാളോങ്ങുന്നതു കണ്ടിട്ടും അദ്ദേഹത്തിന് ഭാവഭേദമുണ്ടായില്ല. ആ സൈനികനെ അടുത്തുവിളിച്ച് നെഞ്ചു തടവി അയാൾക്കുവേണ്ടി പ്രാർഥിക്കുകയാണദ്ദേഹം. പടജനങ്ങളെ തിരിച്ചുവിളിക്കാൻ നബി(സ) അബ്ബാസിനോട് നിർദേശിക്കുന്നു. അബ്ബാസിന്റെ വിളികേൾക്കേണ്ട താമസം പ്രവാചകനിലെ സമാധാനവും സ്ഥൈര്യവും അവരിലേക്കും പകരുന്നു. ഓടിപ്പോയവരൊക്കെ തിരിച്ചെത്തി ഉറച്ചുനിന്ന് പോരാടുന്നു. ഇപ്പോൾ അവർക്ക് ഭയമോ സംഭ്രമമോ ഇല്ല. പ്രവാചകനും വിശ്വാസികൾക്കും ലഭിച്ച ഈ സമാധാനവും സ്ഥൈര്യവും അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹമായിരുന്നു.

നിങ്ങൾക്കു കാണാനാവാത്ത സൈന്യത്തെ ഇറക്കി -وَأَنزَلَ جُنُودًا لَّمْ تَرَوْهَا- എന്നു പറഞ്ഞതിലെ സൈന്യം ഒരുപക്ഷേ, ഈ സമാധാനവും സ്ഥൈര്യവും തന്നെയാവാം. അല്ലെങ്കിൽ, അതീവ ഗുരുതരമായ ആ ഘട്ടത്തിൽ വിശ്വാസികളുടെ മനസ്സിൽ സമാധാനവും സ്ഥൈര്യവും ചൊരിഞ്ഞുകൊണ്ടിരുന്ന മലക്കുകളാവാം. അതുമല്ലെങ്കിൽ മലക്കുകൾ അദൃശ്യരായി വന്ന് വിശ്വാസികളോടൊപ്പം യുദ്ധം ചെയ്തതാവാം. ഇസ്‌ലാമും കുഫ്റും തമ്മിലുള്ള യുദ്ധത്തിൽ അല്ലാഹു അദൃശ്യ സൈന്യത്തെ അയക്കുന്നത് സംബന്ധിച്ച പരാമർശം നേരത്തെ സൂറ *ആലുഇംറാൻ* 124,125 സൂക്തങ്ങളിലും *അൽഅൻഫാൽ* 65,66 സൂക്തങ്ങളിലും വന്നിട്ടുണ്ട്. വിശദീകരണം ആ ഭാഗങ്ങളിൽ വായിക്കുക. ഹുനൈൻ യുദ്ധത്തിൽ ചില സ്വഹാബികൾ തങ്ങൾക്കിടയിൽ അസാധാരണരും അപരിചിതരുമായ ചിലരെ കണ്ടിട്ടുള്ളതായി ചില പ്രവാചക ശിഷ്യന്മാർ പ്രസ്താവിച്ചുവെന്ന് നിവേദനങ്ങളുണ്ട്. എന്നാൽ അല്ലാഹു അയച്ച സൈന്യത്തെ 'നിങ്ങൾ കണ്ടിട്ടില്ലാത്ത' അല്ലെങ്കിൽ 'കാണാനാവാത്ത' എന്ന് ഖുർആൻ വ്യക്തമായി വിശേഷിപ്പിച്ചിട്ടുള്ളതിനാൽ അത്തരം നിവേദനങ്ങൾ അപ്രസക്തമാകുന്നു.

താഇഫുകാർക്ക് നേരിട്ട ആൾനാശവും ധനനാശവുമാണ് അവർക്കേർപ്പെട്ട ദൈവിക ശിക്ഷ. 22-ാം സൂക്തത്തിൽ, സത്യവിശ്വാസം സ്വീകരിക്കുകയും ഹിജ്റയിലും ജിഹാദിലും ഏർപ്പെടുകയും ചെയ്തവർക്ക് അല്ലാഹുവിങ്കലുള്ള സമ്മാനം, അവന്റെ പ്രീതിയും കാരുണ്യവും ശാശ്വത സന്മാർഗവുമാണെന്നു പ്രസ്താവിച്ചിരുന്നു. സത്യത്തെ തള്ളിക്കളയുകയും ഇസ്‌ലാമിനോട് യുദ്ധത്തിലേർപ്പെടുകയും ചെയ്യുന്നവർക്കുള്ള സമ്മാനം ഇതിനു നേരെ വിപരീതമായ ദൈവിക ശിക്ഷയാണ് എന്നാണ് وَذَٰلِكَ جَزَآءُ ٱلْكَٰفِرِينَ എന്ന വാക്യത്തിന്റെ താൽപര്യം. ■